രക്ഷയുടെ പാതയിൽ-7



7

# ഈശോയുടെ പ്രബോധനങ്ങൾ

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം

1. നിത്യജീവൻ പ്രാപിക്കാൻ
2. കർത്താവായ ദൈവം
3. ദൈവനാമം ആരാധ്യനാമം
4. കർത്താവിന്റെ ദിവസം
5. മാതാപിതാക്കളെ ബഹുമാനിക്കണം
6. ജീവൻ ദൈവദാനം
7. ലൈംഗിക വിശുദ്ധി
8. മോഷ്ടിക്കരുത്
9. സത്യം പറയുക
10. ദാമ്പത്യവിശുദ്ധി പാലിക്കുക
11. അവകാശമില്ലാത്തത് ആഗ്രഹിക്കരുത്
12. ശ്രേഷ്ഠമായ കല്പന
13. തിരുസഭയുടെ കല്പനകൾ
14. മനഃസാക്ഷി രൂപികരണം
15. സുവിശേഷ ഭാഗ്യങ്ങൾ

പാഠം 10

# ദാമ്പത്യവിശുദ്ധി പാലിക്കുക



വിവാഹത്തിലൂടെ ഭാര്യഭർത്താക്കന്മാർ ഒന്നായിത്തീരുമെന്ന് ഈശോ വ്യക്തമാക്കുന്നു. തൻമൂലം പിന്നീടൊരിക്കലും അവർ 2 അല്ല; ഒറ്റ ശരീരമായിരിക്കും. ആകയാൽ ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപ്പെടുത്താതിരിക്കട്ടെ എന്ന് അവിടുന്ന് പഠിപ്പിച്ചു (മത്താ 19:6).



1. വിവാഹബന്ധം പഴയനിയമത്തിൽ
2. വിവാഹബന്ധം പുതിയ നിയമത്തിൽ
3. വിവാഹത്തിന്റെ അവിഭാജ്യത
4. തകരുന്ന കുടുംബ ബന്ധങ്ങൾ
5. ദാമ്പത്യവിശുദ്ധി

# വിവാഹബന്ധം പഴയനിയമത്തിൽ

- മാതൃകാപരമായ ജീവിതാവസ്ഥയായാണ് പഴയനിയമ ജനത വിവാഹത്തെ കാണുന്നത്. വളരെ പരിശുദ്ധമായ ഒരു ഉടമ്പടിയാണിതെന്ന് അവർക്കറിയാമായിരുന്നു. ഇസ്രായേലും ദൈവവുമായുള്ള ബന്ധത്തെ ഭാര്യാഭർതൃബന്ധത്തോട് അവർ ഉപമിച്ചിരിക്കുന്നു. ദാമ്പത്യജീവിതത്തിലെ അവിശ്വസ്തത വളരെ ഗൗരവമേറിയ തിന്മയായിട്ടാണ് യഹൂദജനം കാണുന്നത്.



# വിവാഹബന്ധം പുതിയ നിയമത്തിൽ

- മിശിഹായും സഭയും തമ്മിലുള്ള ബന്ധമാണ് വിവാഹബന്ധത്തിന്റെ മാതൃകയായി വി. പൗലോസ് ശ്ലീഹാ അവതരിപ്പിക്കുന്നത്.



# വിവാഹത്തിന്റെ അവിഭാജ്യത

- വിവാഹം മരണം വരെ നില നിൽക്കുന്ന ബന്ധമാണ്. ദൈവം യോജിപ്പിക്കുന്ന ബന്ധമാണ്. ഈ ബന്ധം വിച്ഛേദിക്കാനാവില്ല. ഇതിനെയാണ് വിവാഹത്തിന്റെ അഭേദ്യത എന്നു പറയുന്നത്.



# തകരുന്ന കുടുംബ ബന്ധങ്ങൾ

- കുടുംബ ബന്ധങ്ങൾ തകരാറിലാകുന്നതിന്റെ പ്രധാന കാരണം വിവാഹത്തിന്റെ പവിത്രതയെ അവഗണിക്കുന്നതാണ്. നിസ്വാർത്ഥസ്നേഹമാണ് കുടുംബബന്ധത്തിന് അടിത്തറയാകുന്നത്.



# ദാമ്പത്യവിശുദ്ധി

- ദമ്പതികളുടെ ബന്ധത്തിലേക്ക് മൂന്നാമതൊരാളെ പ്രവേശിപ്പിക്കരുതെന്നാണ് അന്യന്റെ ഭാര്യയെ മോഹിക്കരുത് എന്ന പ്രമാണം അർത്ഥമാക്കുന്നത്.



# നമുക്കു പ്രാർത്ഥിക്കാം

**വിവാഹ ജീവിതത്തിന്റെ മഹനീയതയും പരിശുദ്ധിയും മനസ്സിലാക്കി പരസ്പരസ്നേഹത്തിലും ഐക്യത്തിലും ദൈവത്തോടു ചേർന്നു ജീവിക്കുവാൻ ദമ്പതിമാരെ അനുഗ്രഹിക്കണമേ.**

# നമുക്കു പാടാം

(കാക്കണമലിവൊടു.....)



ദൈവം മർത്യനെ സ്നേഹിച്ചു
തന്നുടെ ദാനമവന്നേകി
നിർമ്മലസ്നേഹപ്പൂന്തോപ്പിൽ
സ്ത്രീയും പുരുഷനും ഒന്നാകാൻ
പവിത്രമാമീ ബന്ധമതോ
ദൈവത്താൽ സംയോജിതമാം
വിശ്വസ്തതയതിന്നുടയാട
അഭേദ്യമാം ഈ ബന്ധമതും
ദേഹം, ദേഹി, മാനസവും
പങ്കുവയ്ക്കും വേദിയതിൽ
പുതുജീവൻ മുളപൊട്ടുകയായ്
നവലോകത്തിൻ കാന്തിയുമായ്
കുഞ്ഞോമനകൾ വളരുമ്പോൾ
സഭതൻ നല്ലൊരുവരാകും
ദൈവികപാതയിൽ മുന്നേറാൻ
വരമിന്നേകുക ദൈവപിതാ.

# ദൈവവചനം വായിക്കാം;

# വിവരിക്കാം

(ഉൽപ. 2:22-24)



# വഴി കാട്ടാനൊരു തിരുവചനം

**ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ;**

**അവർ ദൈവത്തെ കാണും**

(മത്താ. 5:8).

# എന്റെ തീരുമാനം

**കുടുംബങ്ങളുടെ വിശുദ്ധീകരണത്തിനുവേ**

**ഞാൻ ദിവസവും പ്രാർത്ഥിക്കും**

Thank you